(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കാർഷിക സർവ്വകലാശാലയുടെ ആഭിമുഖ്യത്തിലുള്ള ഗവേഷണം

*3 [467] *ശ്രീ. പി. ജെ. ജോയ്:*

„ *കെ. സി. ജോസഫ്:*

„ *സി. പി. മുഹമ്മദ്:*

„ *വി. ഡി. സതീശൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പിന്റെയും കാർഷിക സർവ്വകലാശാലയുടെയും ആഭിമുഖ്യത്തിൽ എന്തെല്ലാം ഗവേഷണങ്ങൾ നടന്നുവരുന്നു;

(ബി) വാഴയുടെ കുറുനാമ്പ്, തെങ്ങിന്റെ കാറ്റുവീഴ്ച, വേരുചീയൽ, മണ്ഡരി എന്നിവയ്ക്ക് പരിഹാരം കാണുന്നതിനുള്ള ഗവേഷണങ്ങൾ കൃഷിവകുപ്പും കാർഷിക സർവ്വകലാശാലയും നടത്തുന്നുണ്ടോ; എങ്കിൽ എന്നുമുതൽ എന്നു വെളിപ്പെടുത്തുമോ;

(സി) ഇവയ്ക്ക് ഫലപ്രദമായ പ്രതിവിധി കണ്ടുപിടിച്ചുവോ?

കൃഷിയും കയറും വകുപ്പുമന്ത്രി *(ശ്രീമതി കെ. ആർ. ഗൗരിയമ്മ):*

(എ) കൃഷി വകുപ്പ് നേരിട്ട് ഗവേഷണങ്ങൾ ഒന്നും നടത്തുന്നില്ല. കാർഷിക സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ നടന്നുവരുന്ന പ്രധാന ഗവേഷണ പ്രവർത്തനങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) & (സി) വാഴയുടെ കുറുനാമ്പ് രോഗം തടയുന്നതിന് ഗവേഷണങ്ങൾ നടത്തി പ്രതിവിധി കണ്ടുപിടിച്ചിട്ടുണ്ട്. അത് പാക്കേജ് ഓഫ് പ്രാക്ടീസസിൽ ഉൾപ്പെടുത്തി കൃഷിവകുപ്പുമുഖേന കർഷകരിൽ എത്തിച്ചിട്ടുണ്ട്. തെങ്ങിന്റെ കാറ്റുവീഴ്ച, വേരുചീയൽ എന്നീ രോഗങ്ങൾക്ക് പരിഹാരം കാണുന്നതിന് ഗവേഷണങ്ങൾ നടത്തിയിരുന്നുവെങ്കിലും ശാശ്വതമായ പരിഹാരം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. രോഗപ്രതിരോധശേഷിയുള്ള തെങ്ങിനങ്ങൾ കൃഷിചെയ്യുകയും സംതുലിതമായ ശാസ്ത്രീയ വളപ്രയോഗവും വിളപരിപാലനവുംമുഖേന ഈ രോഗങ്ങളുടെ തീവ്രത കുറയ്ക്കുവാനും ഉൽപ്പാദനം വർദ്ധിപ്പിക്കുവാനും സാധിക്കും എന്ന് കണ്ടെത്തിയിട്ടുണ്ട്. തെങ്ങിനെ ബാധിക്കുന്ന മണ്ഡരിക്കെതിരെ ഗവേഷണം നടത്തുകയും നിയന്ത്രണമാർഗ്ഗങ്ങൾ സർവ്വകലാശാലയുടെ പാക്കേജ് ഓഫ് പ്രാക്ടീസസിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

---

†അനുബന്ധം I.

GPM.2/610/2012—5

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *3 (467) കാണുക]

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള പ്രധാന ഗവേഷണ പ്രവർത്തനങ്ങൾ

Sl. No.	*Title of Project*
1	Technology mission of black pepper.
2	A study on coconut oil as lubricant for IC engine.
3	Refinement and popularization of coconut climber and harvesting Pole.
4	Capital formation in Agriculture –Role of institutional finance in Kerala.
5	Role of macro and micro fauna in litter decomposition and plant production in natural forest and agro forestry systems (Department of Forest).
6	Wood quality studies on Acacia provenances.
7	Development of online manual of timbers of Kerala.
8	Conservation strategy for Dipterocarp (Ho pea purviflora Bedd) species thro storing of seeds using dessication treatment, synthetic seeds and cryopreservation tech.
9	Effect of cosmospriming and accelerated ageing treatments on the germination characteristics of teak seeds (Department of Forest).
10	Use of organics and biofertilisers in black pepper for yield and quality improvement.
11	Standardisation of low input technology for black pepper.
12	Incorporation of biocontrol in nursery plants for checking phytophythora disease.
13	'BIOTECH KERALA' biotechnological interventions and oppertunities towards enhancing crop production in KERALA (BT & IT).
14	Testing of the released pepper varieties in various pepper tracts of Kerala.

LIBRARY ARCHIVES Kerala Legislative Assembly

Sl. No.	Title of Project
15	Identification of location specific pepper varieties.
16	Identification of low input responsive vareties in relation to local technology in black pepper.
17	Induction of variation through tissue culture and evaluation of varieties for phytophthora, foot rot tolerance/resistance in black pepper.
18	Breeding of resistance to phytophthora foot rot in pepper.
19	Use of bi-control for checking phytophora, foot rot disease.
20	Agrobased poverty alleviation programme in Anakkayam tribal colony.
21	Modelling of nutrient flow and recommendation of sustainable enterprise combinations in integrated farming systems of Sreekrishnapuram and Mannarkkad blocks of Palakkad District, Kerala.
22	Fish ranching and open water fishery management in Vembanad lake (Department of Fisheries)
23	Seed multiplication and integrated pest management programme.
24	A study on the indigenous technical knowledge (ITK) in the farming systems of Kerala.
25	Hybrid rice production and evaluation.
26	Breading of short duration varieties of rice suited to Kuttanad.
27	Evaluation of high yielding hybrids suited to different soil type.
28	Genetic analysis of Gall Midge resistance in rice and evolving resistant variety in Gall Midge.
29	Genetic variability analysis of Indian Elephants.
30	Establishment of a commercial broiler hatchery.
31	Investigation of current situation of remedial measures for infertility condition among cross bred cattle in Kerala.

LIBRARY ARCHIVES Kerala Legislative Assembly